**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3283** **04-08-2021 - ൽ മറുപടിയ്ക്ക്**

**ആയുഷ് ആയുർവ്വേദ ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ചാലക്കുടി,വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാട് സ്മാരക ആയുഷ് ആയുർവ്വേദ ആശുപത്രിയുടെ കെട്ടിട നിർമ്മാണം നിലവിൽ ഏതു ഘട്ടത്തിലാണ്; | (എ) | ഭാരതീയ ചികിത്സാ വകുപ്പിൽ തൃശ്ശൂർ ജില്ലയിലെ ചാലക്കുടി, വൈദ്യഭൂഷണം രാഘവൻ തിരുമുൽപ്പാട് സ്മാരക ആയുഷ് ആയുർവ്വേദ ആശുപത്രിയുടെ (PRISA) കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| (ബി) | കെട്ടിട നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ;ഉണ്ടെങ്കിൽ അതെന്തെന്ന് വിശദീകരിക്കുമോ? | (ബി) | ആശുപത്രി നിർമ്മാണത്തിനുള്ള ചാലക്കുടി നഗരസഭയുടെ പരിധിയിൽ പേരാമ്പ്ര വില്ലേജിൽ സർവ്വേ നമ്പർ 423-ൽ ഉൾപ്പെട്ട 60 സെന്റ് (24.30ആർ) സ്ഥലം ഭാരതീയ ചികിത്സാ വകുപ്പിന് കൈമാറുന്നതിനുള്ള സർക്കാർ അനുമതി 12.07.2021-ലെ സർക്കാർ ഉത്തരവ് (കൈ) നം. 136/2021/ ത.സ്വ.ഭ.വ. പ്രകാരം ലഭ്യമായിട്ടുണ്ട്. സ്ഥലം ഭാരതീയ ചികിത്സാ വകുപ്പിന് കൈമാറുന്നതുമായി ബന്ധപ്പെട്ട് രജിസ്ട്രേഷനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്ഥലകൈമാറ്റ നടപടി ക്രമങ്ങൾ പൂർത്തിയായാൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ